നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2676 — 17/10/2016 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്കു നൽകാമോ; ഈ അപേക്ഷകളിന്മേൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെപ്റ്റംബർ 15 വരെ ഏകദേശം 28,300-ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളിന്മേൽ തീരുമാനം എടുക്കാൻ ബാക്കിയുണ്ടോ; എങ്കിൽ എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുക്കാൻ ബാക്കിയുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള കണക്കു നൽകാമോ; | (ബി) & (സി) | മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ച ലഭിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച് അർഹതയുള്ളവർക്കെല്ലാം ധനസഹായം അനുവദിച്ചു വരുന്നു. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ പണം അനുവദിച്ചിട്ടും വിതരണം ചെയ്യാത്ത എത്ര അപേക്ഷകളുണ്ട്; മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; അനുവദിച്ച തുക നൽകാത്തതിനുള്ള | | |

കാരണമെന്താണ്; പ്രസ്തുത തുക ഇനി എപ്പോഴാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്:

(ഡി) 2016 ജനുവരി മുതൽ ഏപ്രിൽ വരെ കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നതിനു കിട്ടിയ അപേക്ഷകരുടെ പേരുവിവരം വ്യക്തമാക്കാമോ; ഇവരിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ ഇനി അനുവദിക്കാൻ സാധ്യതയുണ്ടോ; എങ്കിൽ എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ച ലഭിക്കുന്ന അപേക്ഷകളുടെയും, ധനസഹായം അനുവദിച്ചവരുടെയും കണക്കുകളും പേരുവിവരങ്ങളും നിയോജകമണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**